(ബി) കണ്ണൂർ ജില്ലയിലെ മാടായി പ്രദേശത്ത് ലിഗ്നൈറ്റും, ചീനക്കളിമണ്ണും ഖനനം ചെയ്യുവാനുള്ള നിർദ്ദേശവും, വയനാട് സ്വർണ്ണ നിക്ഷേപ പ്രദേശത്ത് സ്വർണ്ണ പര്യവേക്ഷണത്തിനുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചു വരുന്നു. ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കേരളാ കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡിൽ സിലിക്കാ മണൽ അധിഷ്ഠിതമായ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സോഡിയം സിലിക്കേറ്റ് പ്ലാന്റിന് അനുമതി നൽകിയിട്ടുണ്ട്.

39 (2187) കയർ ഉല്പാദന മേഖലയിലെ വികസന പദ്ധതികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ ഉല്പാദന മേഖലയിൽ ഉല്പാദന ക്ഷമതയും ഗുണമേൻമയും ലക്ഷ്യമിട്ടുകൊണ്ടുള്ള വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്രകോടി രൂപയുടെ കയറുൽപ്പന്നങ്ങൾ വിറ്റഴിയാതെ കെട്ടികിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയർ തൊഴിലാളികളേയും ഉല്പാദകരേയും ആധുനീകരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമ്പരാഗത കയർ ഉല്പാദന മേഖലയിൽ ഉല്പ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1993-94 മുതൽ 44.24 കോടി രൂപയുടെ സംയോജിത കയർവികസനപദ്ധതി നടപ്പിലാക്കിവരുന്നു. 'കയർറെറ്റ്' ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1995 മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കയറ്റുമതി സാദ്ധ്യത കൂടിയതും ഗുണമേൻമയുള്ളതുമായ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഹൈടെക് കയർപാർക്ക്/ എക്കോ കയർ വില്ലേജുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതികൾക്ക് ഉദ്ദേശം 50 കോടിയോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കയർ ജിയോടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനായി 675 ലക്ഷം രൂപയുടെ ഒരു പദ്ധതിയും രൂപം നൽകിവരുന്നു.

1147/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് 25 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് കെട്ടിക്കിടക്കുന്നത്.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളിൽ പങ്കാളികളാകുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

40 (2188) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96-ൽ എന്തു തുകയ്ക്കുള്ള എത്ര വീതം കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്ന് കയറ്റി അയച്ചു;

(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ ആശാവഹമായ പുരോഗതിയുണ്ടാകാത്തതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1995-96-ൽ 192 കോടി രൂപാ വിലയ്ക്കുള്ള 44,992 ടൺ കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചു.

(ബി) 1996-97ൽ 219 കോടി രൂപയുടേയും 1997-98ൽ 241 കോടി രൂപയുടേയും 1998-99-ൽ 256 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ട്.

(സി) കയറുൽപ്പന്നങ്ങളുടെ ഉപയോഗമേഖലകളിൽ സിന്തറ്റിക്ക് ഉൽപ്പന്നങ്ങളുടേയും, ചണം, പരുത്തി, കൃത്രിമ നാരുകൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടേയും കടന്നുകയറ്റം കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയെ സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ കയറുൽപ്പന്നമേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവവും ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് കയറും കയറുൽപ്പന്നങ്ങളും വിപണിയിലെത്തുന്നതും കയറുൽപ്പന്നങ്ങളുടെ കയറ്റുമതി ആശാവഹമായതോതിൽ വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

41 (2189) കയർ സഹകരണസംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly